**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **11.02.2020 ൽ**

**നിയമസഭാ ചോദ്യം നമ്പർ :2027** **മറുപടിക്ക്**

## പുതിയ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;<br>ബി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ; | എ) യും ബി) യും ബഹു. കേരള ഗവർണ്ണറുടെ 2019 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്ന 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനുകളുടെ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി 2 പോലീസ് സ്റ്റേഷനുകൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) പൂഞ്ഞാർ പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | സി) പൂഞ്ഞാർ പോലീസ് സ്റ്റേഷൻ പരിഗണനയിലില്ല. |
| ഡി) ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈരാറ്റുപേട്ടയിൽ ട്രാഫിക് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | ഡി) 14.07.2018 തീയതിയിലെ സ.ഉ. (കൈ) നം. 116/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റിക്കൊണ്ടും, ട്രാഫിക് യൂണിറ്റുകളും, ട്രാഫിക് പോലീസ് സ്റ്റേഷനുകളും, ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ എന്ന ആവശ്യം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ